സമഗ്ര ഗുണമേന്മ
വിദ്യാഭ്യാസ പദ്ധതി

ST.MARY'S U P SCHOOL THARIODE

# അക്കാദമിക മാസ്റ്റർപ്ലാൻ

ക്ലാസ്തല അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

2025-2026

| മേഖല - ഒന്നാം ക്ലാസ്സ് - ഭാഷ | | | |
|---|---|---|---|
| **ലക്ഷ്യം** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| കേട്ട കഥ ആശയചോർച്ചയില്ലാതെ ഭാവം ഉൾക്കൊണ്ട് സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു | ● കേട്ട കഥ ആശയം ചോർന്നുപോകാതെ ഭാവം ഉൾക്കൊണ്ട് ഓരോ കുട്ടിക്കും പറയാൻ അവസരം നൽകുന്നു.<br>● വായ്ത്താരികൾ ഒറ്റയ്ക്കും സംഘമായും ചൊല്ലി അവതരിപ്പിക്കുന്നു. | ജൂൺ - ആഗസ്ത് | ക്ലാസ്സ് ടീച്ചർ |
| പരിചിതാക്ഷരങ്ങൾ ഉള്ള പദങ്ങൾ,വാക്യങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു | ● അക്ഷര ചിത്രം വരയ്ക്കുന്നു. നിറം നൽകുന്നു<br>● ക്ലാസ് മുറിയിൽ നിർമ്മിച്ച വായനക്കാർഡ് ദിവസവും വായിക്കുന്നു. | ജൂൺ - ആഗസ്ത് | ക്ലാസ്സ് ടീച്ചർ |
| കടങ്കഥകളിൽ ഏർപ്പെടുന്നു | ● കടങ്കഥ പയറ്റ് നടത്തുന്നു | ജൂൺ - ആഗസ്ത് | ക്ലാസ്സ് ടീച്ചർ |

| മേഖല - ഒന്നാം ക്ലാസ്സ് - ഗണിതം | | | |
|---|---|---|---|
| **ലക്ഷ്യം** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| നിശ്ചിത എണ്ണം എണ്ണിയെടുക്കുക, ഒരു കൂട്ടത്തിൽ എത്രയുണ്ടെന്ന് എണ്ണി തിട്ടപ്പെടുത്തുക, യുക്തിചിന്ത ഉണർത്തുക, ചിന്താശേഷി വർദ്ധിപ്പിക്കുക | ● പലതരം ഗണിത കളികൾ ക്ലാസ് മുറിയിൽ സംഘടിപ്പിക്കുന്നു - Fun N learn<br>● രക്ഷിതാക്കളുടെ സഹായത്തോടെ ഗണിത സഞ്ചി നിർമ്മിക്കുന്നു .മുത്ത് ,മഞ്ചാടി, ഈർക്കിൽ തുടങ്ങി വിവിധതരം വസ്തുക്കൾ ഗണിത സഞ്ചിയിൽ ശേഖരിക്കുന്നു.<br>● വിവിധതരം പസിലുകൾ | ജൂൺ- ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ |

| മേഖല - ഒന്നാം ക്ലാസ്സ് - പരിസരപഠനം | | | |
|---|---|---|---|
| **ലക്ഷ്യം** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. | ● ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിച്ച് പക്ഷികളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു<br>● പക്ഷികളെ തിരിച്ചറിയുന്നു<br>● ശബ്ദം അനുകരിക്കുന്നു<br>● ശബ്ദം തിരിച്ചറിഞ്ഞു പക്ഷി ഏതാണെന്ന് കണ്ടെത്തുന്നു .<br>● പക്ഷികളുടെ ചിത്രം വരച്ചു നിറം നൽകി പതിപ്പ് നിർമ്മിക്കുന്നു. | ജൂൺ- ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ |

**മേഖല - ഒന്നാം ക്ലാസ്സ് - ENGLISH**

| **ലക്ഷ്യം** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| Listen to nerratives and teacher talks and shows signs of understanding verbly and nonverbally. | ● Listen stories<br>● Collecting pictures of animals,birds and vehicles( magazine )<br>● Colouring as per instructions | ജൂൺ- ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ |
| Familiarising with words denoting vehicles animals birds and colours. | | | |

**മേഖല -രണ്ടാം ക്ലാസ്സ് - മലയാളം , ENGLISH**

| **ലക്ഷ്യങ്ങൾ** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| എല്ലാ കുട്ടികളും തെറ്റില്ലാതെ വാക്യങ്ങൾ എഴുതുവാൻ കഴിവ് നേടുന്നു | ● കുട്ടികൾക്ക് അനുയോജ്യമായ വർക്ക് ഷീറ്റുകളുടെ നിർമ്മാണവും തുടർപ്രവർത്തനങ്ങളും | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| വായന കാർഡുകൾ വായിക്കാൻ സാധിക്കുന്നു | ● കുട്ടികൾക്ക് അനുയോജ്യമായ വായന കാർഡ്നിർമ്മാണവും തുടർപ്രവർത്തനങ്ങളും | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| പാട്ടരങ്ങിന്റെ ഭാഗമാവൽ | ● പാട്ടരങ്ങ് ഉദ്ഘാടനം<br>● പാട്ടുകളുടെ അവതരണം<br>● കുട്ടിപ്പാട്ടുകളുടെ ശേഖരണം<br>● ഇഷ്ടമുള്ള പാട്ടുകൾ ഗ്രൂപ്പിൽ പങ്കുവയ്ക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| രക്ഷിതാക്കളുടെ പങ്കാളിത്തം ക്ലാസ് പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കുന്നു | ● റീഡേഴ്സ് കോർണർ ഒരുക്കൽ<br>● മൂന്ന് തരത്തിലുള്ള വായന കാർഡുകളുടെ നിർമ്മാണം<br>● കുഞ്ഞു കഥകളുടെ ശേഖരണം<br>● വായന മൂലയിൽ കഥകളുടെ അവതരണം | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| സ്വന്തം പ്രദേശത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കുന്നു | | | |
| കുട്ടികളിലെ വായനശേഷിയും ആശയം ഗ്രഹിക്കുവാനുള്ള ശേഷിയും വികസിപ്പിക്കുക | | | |
| കുട്ടിക്കഥകളും കവിതകളും കുട്ടികളെ പരിചയപ്പെടുത്തുക | ● പാട്ടരങ്ങ് ഉദ്ഘാടനം<br>● പാട്ടുകളുടെ അവതരണം<br>● കുട്ടിപ്പാട്ടുകളുടെ ശേഖരണം<br>● ഇഷ്ടമുള്ള പാട്ടുകൾ ഗ്രൂപ്പിൽ പങ്കുവയ്ക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |

**മേഖല -രണ്ടാം ക്ലാസ്സ് - ഗണിതം**

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സംഖ്യാ ബന്ധങ്ങൾ , സംഖ്യാ വ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | ● പാട്ടരങ്ങ് ഉദ്ഘാടനം<br>● പാട്ടുകളുടെ അവതരണം<br>● കുട്ടിപ്പാട്ടുകളുടെ ശേഖരണം<br>● ഇഷ്ടമുള്ള പാട്ടുകൾ ഗ്രൂപ്പിൽ പങ്കുവയ്ക്കൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |

**മേഖല - മൂന്നാം ക്ലാസ് -മലയാളം**

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും | ● കുട്ടികൾ വരച്ച ചിത്രങ്ങൾ ഉള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ<br>● ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ | ജൂൺ - ജൂലൈ | ക്ലാസ്സ് ടീച്ചർ |
| കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും. | ● നാടൻപാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല) | ആഗസ്ത് - സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ |
| രചനകൾ ഭാവാത്മകമായി വായിക്കും | ● കഥോത്സവം (നാടൻ കഥകളുടെ അവതരണ ശിൽപ്പശാല) | ജൂൺ - ജൂലൈ | ക്ലാസ്സ് ടീച്ചർ |
| ആസ്വദിച്ച ഭാഷാ ഘടകങ്ങൾ ( കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് മുതലായവ ഹൃദസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും. | ● കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ, കടങ്കഥ പതിപ്പ്, കടുംകഥപ്പയറ്റ്<br>● പഴഞ്ചൊല്ലുകൾ ശേഖരണം | ആഗസ്ത് - സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ |
| കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും | ● നാടക ശില്പശാല<br>● റോൾപ്ലേ അവതരണങ്ങൾ | ആഗസ്ത് - സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ |

**മേഖല - മൂന്നാം ക്ലാസ് - പരിസരപഠനം**

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | ● പ്രകൃതി നടത്തം<br>1. ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം പ്രത്യേകതകൾ മനസ്സിലാക്കാം<br>2. വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>3. ജീവികളുടെ പരസ്പര ആശ്രയത്വം- ചർച്ച<br>4. നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം .സ്വയം തിരുത്താം.(ഫീൽഡ് ട്രിപ്പ്)<br>5. പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം(ഡോക്യുമെന്ററി പ്രദർശനം)<br>ചർച്ച- തെറ്റും ശരിയും | ജൂൺ - ഒക്ടോബർ | ക്ലാസ്സ് ടീച്ചർ |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യം വളർത്തുക | ● പൂന്തോട്ടം ഒരുക്കാം<br>സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ |
| | ● ഒരു തൈ നടാം<br>പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടീൽ<br>നട്ട വൃക്ഷതൈ പരിപാലിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ |
| | ● പോസ്റ്റർ നിർമ്മാണം<br>പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ | ജൂൺ | ക്ലാസ്സ് ടീച്ചർ |
| | ● ദാഹജലം<br>പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കും. | മാർച്ച് - മെയ് | ക്ലാസ്സ് ടീച്ചർ |
| കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക | ● ദിന കൃത്യങ്ങൾ<br>ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>കുട്ടികളെ ഗ്രൂപ്പുകൾ ആക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനും നൽകുന്നു | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ |
| | ● നമ്പർ വൺ<br>ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>വ്യക്തിസുചിത്വം, ക്ലാസ്റൂം, പരിസരശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു | ജൂലൈ - മാർച്ച് | ക്ലാസ്സ് ടീച്ചർ |
| | ● പരിസര നടത്തം<br>നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ<br>മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു<br>പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | ജൂൺ - ഡിസംബർ | ക്ലാസ്സ് ടീച്ചർ |

| | | | |
|---|---|---|---|
| | • നല്ല ശീലം<br>പോസ്റ്ററുകൾ തയ്യാറാക്കാം<br>പരിസരങ്ങളിൽ പതിക്കാം | ജൂലൈ - മാർച്ച് | ക്ലാസ്സ് ടീച്ചർ |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക. | • ഫീൽഡ് ട്രിപ്പ്<br>നമ്മുടെ നാടിനെ,പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. ( കുളം വയൽ കാട് etc...) | ജനുവരി - മാർച്ച് | ക്ലാസ്സ് ടീച്ചർ |
| | • പരീക്ഷണങ്ങൾ<br>ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | ഡിസംബർ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ |
| | • ശാസ്ത്രജ്ഞനോടൊപ്പം ക്യാമ്പ്<br>മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഡിസംബർ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ |
| | • പക്ഷി നിരീക്ഷണം ക്യാമ്പ്<br>പക്ഷി നിരീക്ഷണത്തിന് അവസരം | ഡിസംബർ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ |

**മേഖല - മൂന്നാം ക്ലാസ് -ഗണിതം**

| **ലക്ഷ്യം** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ജാമിതി രൂപങ്ങൾ തിരിച്ചറിയൽ<br><br>ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾക്ക് നിർമ്മിക്കാനുള്ള ശേഷി. | • ചതിരം വട്ടം ത്രികോണം എന്ന രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമ്മാണം തോണി നിർമ്മാണം<br>• ചതിരം വട്ടം ത്രികോണം എന്ന രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമ്മാണം തോണി നിർമ്മാണം<br>• വെജിറ്റബിൾ പ്രിന്റിംഗ് | ഒരു വർഷം | വിഷയധ്യാപകൻ |
| ഓരോ കുട്ടിക്കും കണക്കുപെട്ടി നിർമ്മിക്കുക, ഗണിത ശിൽപ്പിശാലയുടെ ഭാഗമാവുക | • 1 മുതൽ 100 വരെ എഴുതിയ ടോക്കൺ<br>• കളിനോട്ടുകൾ<br>• ഓരോ നോട്ടുകളും പത്തെണ്ണം വീതം<br>• കമ്പുകെട്ടുകൾ<br>• സംഖ്യാസ്ട്രിപ്പുകൾ<br>• അബാക്കസ് നിർമ്മാണം | ഒരു വർഷം | വിഷയധ്യാപകൻ |
| പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം | • സ്കെയിൽ നിർമ്മാണം<br>• കുട്ടികളുടെ ഉയരം,വണ്ണം, തൂക്കം - തിരിച്ചറിയൽ<br>• ക്യാമ്പ്<br>• ഗുണന വസ്തുത കാർഡ് നിർമ്മാണം | ഒരു വർഷം | വിഷയധ്യാപകൻ |

**മേഖല - നാലാം ക്ലാസ്സ് - ENGLISH**

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | • ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി<br>(മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | • നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുത്തുന്നു. | ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ്സ് ടീച്ചർ |
| സർഗാത്മകത പരിപോഷണം | • ഇംഗ്ലീഷ് പാഠഭാഗങ്ങൾ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ<br>( Skit,drama,conversation,storytelling ) | മാസത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ |
| സർഗാത്മകത രചനശേഷി വികസനം | • മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM,ക്ലാസ്സ് ടീച്ചർ, SMC |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | • സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| വായന പരിപോഷണം | • കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br>• വായനാക്കുറിപ്പ്<br>• പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | • സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |

**മേഖല - നാലാം ക്ലാസ്സ് - മലയാളം**

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ | ലക്ഷ്യം നേടുന്നതു | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| | ,ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | വരെ | |
| വായനശേഷി വളർത്തൽ | ● ക്ലാസ് വായനാക്കൂട്ടം<br>● ക്ലാസ് ലൈബ്രറി ഒരുക്കൽ<br>● പുസ്തകപരിചയം<br>● വായനക്കുറിപ്പ്<br>● ആസ്വാദക്കുറിപ്പ്<br>● പുസ്തക സംവാദം<br>● ആനുകാലിക വായന | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| എഴുത്ത് പരിപോഷിപ്പിക്കൽ | ● പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ |
| ലേഖനശേഷി വർധിപ്പിക്കൽ സാഹിത്യകാരന്മാരെഅടുത്തറിയൽ | ● സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| കാവ്യോത്സവം ഇണത്തിൽ ചൊല്ലൽ | ● കവിതകൾ , നാടൻ പാട്ടുകൾ എന്നിവ കണ്ടെത്തി എഴുതുന്നു | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| അറിവ് ഡോക്യുമെന്ററിലൂടെ നേടൽ(ICT ) | ● പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ(നാടൻ) പരിചയപ്പെടൽ | ● ഭക്ഷ്യമേള പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിൽ ഒരു സദ്യ | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ, CPTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ട് അറിയൽ | ● പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്<br>● കലാവതരണം<br>● കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം. | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ,CPTA |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | ● കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ, CPTA |

**മേഖല - നാലാം ക്ലാസ്സ് - ഗണിതം**

| **ലക്ഷ്യം** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ | ● വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ,മൂല്യനിർണയം(ഏണിയും പാമ്പും | | |

| | | | |
|---|---|---|---|
| ( ചതുഷ്ക്രിയകൾ ലളിതമാക്കൽ ) | കളി) സങ്കലനം, വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കര ചലനശേഷി വികാസം | • ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം,പ്രദർശനം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | • ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ, |
| ഗണിതരൂപങ്ങളുടെ പ്രയോഗിക മൂല്യ തിരിച്ചറിയൽ | • ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണ പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| ഗണിത ശേഷികളുടെ പ്രകടനം | • പ്രശ്നോത്തരി<br>• പസിൽ<br>• പാറ്റേൺ<br>• പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| **മേഖല - നാലാം ക്ലാസ്സ് -പരിസരപഠനം** | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| നിരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ,<br>CPTA |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | • ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>• പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണത്വര വളർത്തൽ | • വാന നിരീക്ഷണ കേന്ദ്രം ,സയൻസ് പാർക്ക് ,ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ ,ഫോക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ,<br>CPTA |
| കേരളം - ഇന്ത്യ ഭൂപട വായന സൂചിക - പരിചയപ്പെടൽ | • ഭൂപട വായന<br>• ഭൂപട രചന<br>• സൂചിക നിർമ്മാണം<br>ഇവ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ |
| ശാസ്ത്രപഠനം രസകരമാക്കൽ | | ആവശ്യാനു | ക്ലാസ് |

| | | | |
|---|---|---|---|
| | ● ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട | സരണം | ടീച്ചർ |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ● പതിപ്പ് ചാർട്ട് ആൽബം പഠനോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം.<br>● ശാസ്ത്ര മാസികകളുടെ നിർമാണം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ |

**മേഖല -യു പി ക്ലാസ്സ് - മലയാളം**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് നടത്താനും പദസമ്പത്ത് വളർത്താനും കുട്ടികളെ പ്രാപ്തരാക്കുക | ● അവധിക്കാല വായന - വായനക്കുറിപ്പ് അവതരണം<br>● അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുന്നു<br>● ചില വിഷയങ്ങൾ കൊടുത്ത് ലഘു കുറിപ്പ് തയ്യാറാക്കൽ | ജൂൺ | അധ്യാപിക / അധ്യാപകൻ |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | ● പത്രവായന ക്ലാസ് തലം<br>● ആഴ്ചയിൽ സ്കൂൾ ലൈബ്രറി പുസ്തകം വായനയും തുടർന്ന് വായന കുറിപ്പ് തയ്യാറാക്കൽ | ജൂൺ | അധ്യാപിക / അധ്യാപകൻ |
| ദിനാചരണങ്ങൾ തിരിച്ചറിയൽ | ● എല്ലാ ദിനാചരണങ്ങളുടെയും പ്രാധാന്യം വ്യക്തമാക്കുന്ന രീതിയിൽ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു | വർഷം മുഴുവൻ | അധ്യാപിക / അധ്യാപകൻ |
| വായനയും എഴുത്തും ഉറപ്പിക്കൽ | ● പുസ്തകങ്ങൾ വായിക്കുന്ന പാഠഭാഗങ്ങൾ നോക്കിയെഴുത്ത് എഴുതുന്നു. | 6 മാസം | അധ്യാപിക / അധ്യാപകൻ |
| മലയാളം അക്ഷരം ടൈപ്പിംഗ് പരിശീലനം | ● മുഴുവൻ കുട്ടികളെയും മലയാളം അക്ഷരം ടൈപ്പിംഗ് പരിശീലനം പഠിപ്പിക്കുക.<br>● ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | ഒരു വർഷം | അധ്യാപിക / അധ്യാപകൻ |
| റേഡിയോ ജോക്കി എഡ്യു എഫ് എം | ● വിശേഷദിനങ്ങളുടെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു | ഒരു വർഷം | അധ്യാപിക / അധ്യാപകൻ |
| | ● കുട്ടികളുടെ നിലവാരം അറിയാൻ വേണ്ടി പ്രീ ടെസ്റ്റ് നടത്തുന്നു<br>● അക്ഷരം ഉറപ്പിക്കൽ | | |

| | | | |
|---|---|---|---|
| വായന | ● ചിത്രം - കഥ പൂർത്തിയാക്കൽ<br>● പത്രവായന<br>● ലൈബ്രറി വിതരണം<br>● ഭാഷകേളി<br>● മലയാളത്തിളക്കം | 8 മാസം | അധ്യാപിക / അധ്യാപൻ |

**മേഖല - യു പി ക്ലാസ്സ് - ENGLISH**

| **ലക്ഷ്യം** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | ● Lend Your Ear - ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലായ് | ഇംഗ്ലീഷ് അധ്യാപകൻ |
| | ● Follow Me If You Can- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ |
| | ● Breaking news - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകൻ |
| | ● Missing man - അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്തു കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റു കുട്ടികൾക്ക് അവതരിപ്പിക്കുവാൻ അവസരം ഒരുക്കുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ |
| | ● Treasure Hunt - വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകൾ ആക്കുന്നു ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റു കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ |
| | ● Meet the foreigner- തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്താനുള്ള അവസരം ഒരുക്കുന്നു | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ |
| | ● One man show- ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ |
| | ● I too can - വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു | ജൂലായ് | ഇംഗ്ലീഷ് അധ്യാപക |

| | | | |
|---|---|---|---|
| | | | ൻ |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | ● തെറ്റുകൂടതേ വായിക്കുവാൻ അവസരം നൽകുന്നു ലളിതമായതിൽ നിന്നും സങ്കീർണമായതിലേക്ക്. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകൻ |
| | ● Learning ladder - പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുപ്പ് കുറച്ചു വാക്കുകൾ ചാറ്റിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ |
| | ● FM corner - വ്യത്യസ്തമായ കഥകൾ റീഡേഴ്സ് തിയേറ്റർ റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ |
| | ● Reader of the month - ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി reader of the month നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകൻ |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുന്നു. | ● My droplets - കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ |
| | ● Alert zone - സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും ആയി പ്രദർശിപ്പിക്കുന്നു | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ |
| | ● Run Baby Run - ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്കുകൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ |
| | ● Fun time funda - കടങ്കഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ |
| ഇംഗ്ലീഷ് അധ്യാപകൻ ഇംഗ്ലീഷ് ഭാഷയുടെ ആത്മവിശ്വാസം ഉയർത്തുന്നു | ● The Grand camp - ഇംഗ്ലീഷിൽ പ്രാവിണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടു വരാൻ അവസരം ഒരുക്കുന്നു.അഞ്ചാം ക്ലാസിനായി കഥ പറയൽ,കഥയെഴുത്ത് ആറിന് റോൾപ്ലേ നാടകം എന്നിവ പ്രച്ഛന്നവേഷം 7 ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിനൊടുവിൽ ഡോക്യുമെന്ററി ഫിലിം ഷോ . | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ, പിടിഎ, രക്ഷിതാക്കൾ |

**മേഖല- യു പി ക്ലാസ്സ് - അടിസ്ഥാന ശാസ്ത്രം**

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 5, 6, 7 ക്ലാസുകളിലെ മുഴുവൻ പഠന ലക്ഷ്യങ്ങളും കുട്ടികളിൽ എത്തിക്കുക | ● വർക്ക് ഷീറ്റുകൾ തയ്യാറാക്കുക<br>● യൂണിറ്റ് ടെസ്റ്റുകൾ<br>● ശാസ്ത്ര കിറ്റുകൾ തയ്യാറാക്കുക<br>● പ്രൊജക്റ്റുകൾ | ഒരു വർഷം | ശാസ്ത്ര അധ്യാപിക |
| പ്രക്രിയശേഷികൾ മുഴുവൻ കുട്ടികളിലേക്കും എത്തിക്കുക | ● ലാബ് ശാക്തീകരണം<br>● ഹോം ലാബ്<br>● ക്ലാസുകളിൽ ശാസ്ത്രകോർണർ, ശാസ്ത്ര കിറ്റ് , സയൻസ് മാജിക് ഷോ | ഒരു വർഷം | ശാസ്ത്ര അധ്യാപിക |
| ശാസ്ത്രസർഗ്ഗാത്മതകൾ കുട്ടികളിലേക്ക് എത്തിക്കുക | ● ശാസ്ത്ര ലൈബ്രറി ക്ലാസുകൾ<br>● ശാസ്ത്ര ഗാനങ്ങൾ | ഒരു വർഷം | ശാസ്ത്ര അധ്യാപിക |
| കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക | ● ഫീൽഡ് ട്രിപ്പുകൾ<br>● വാനനിരീക്ഷണ ക്ലാസുകൾ | ഒരു വർഷം | ശാസ്ത്ര അധ്യാപിക |
| സ്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തുക | ● ചുമർ ചിത്രങ്ങൾ ഉൾക്കൊള്ളിച്ച് ചാടുകൾ തയ്യാറാക്കുക | ഒരു വർഷം | ശാസ്ത്ര അധ്യാപിക |
| ശാസ്ത്രം സമൂഹനന്മയ്ക്കായി ഉപയോഗപ്പെടുത്തുക | ● കൊച്ചു കണ്ടുപിടുത്തങ്ങളെ പ്രോത്സാഹിപ്പിക്കാനായി ശാസ്ത്രമേളകൾ നടത്തുക.<br>● നൂതന ആശയങ്ങളെ കണ്ടെത്താനായി മത്സരം സംഘടിപ്പിക്കുക | ഒരു വർഷം | ശാസ്ത്ര അധ്യാപിക |
| ദിനാചരണങ്ങളുടെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുക | ● വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരം,പ്രധാന പരിസ്ഥിതി ദിനം, ചാന്ദ്രദിനം, ശാസ്ത്ര ദിനം തുടങ്ങിയവയുടെ സംചിതമായ ആഘോഷം. | ഒരു വർഷം | ശാസ്ത്ര അധ്യാപിക |

**മേഖല - യു പി - സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | ● നന്മയുടെ നുറുങ്ങുവെട്ടം<br><br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങളിൽ ഇരകളായ വ്യക്തികളെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം | | |

| | | | |
|---|---|---|---|
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | ചെയ്യാൻ അവസരം നൽകുന്നു.കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | • ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br><br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| സുസ്ഥിരവികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു | • കാടെവിടെ മക്കളെ?<br><br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ കണ്ടൽക്കാടുകൾ തണ്ണീർത്തടങ്ങൾ ജലാശയങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| **മേഖല - യു പി - ഗണിതം** | | | |
| **ലക്ഷ്യം** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കളിലും ഉറപ്പുവരുത്തുന്നു. | • ഗണിത ശില്പശാല - കളി രീതിയിലൂടെ അടിസ്ഥാനം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ് ,മഞ്ചാടിക്കുരു ,മുത്തുകൾ, ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും |
| രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെയും വികാസം | • ഒറിഗാമി ശില്പശാല - ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകാൻ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കുൽ, വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | വർഷത്തിലൊരു പ്രാവശ്യം | ഗണിത അധ്യാപകർ |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | • വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ |

| | | | |
|---|---|---|---|
| ഗണിതം മധുരമാക്കൽ | ● ഗണിത പാർക്ക് - ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമകൽ | ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ● ഗണിത ഗ്രാമം - ഗണിതത്തിൽ പ്രാവിണ്യമുള്ള അധ്യാപകരെ മറ്റു വിദ്യാലയങ്ങളിലും മറ്റു മേഖലകളിലും പ്രവർത്തിക്കുന്നവർ ( പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ) താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ● ഐടി സാധ്യതകളിലൂടെ - ജാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ● ഗണിത ക്ലിനിക്ക് - ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകർ |

**മേഖല -എൽപി- അറബിക്**

| **ലക്ഷ്യം** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള ശേഷി വളർത്തിയെടുക്കുക | ● അക്ഷര വായന | ജൂൺ - ജൂലൈ | അറബിക് അധ്യാപിക |
| | ● ക്ലാസ് വായന | ജൂൺ - ഫെബ്രുവരി | അറബിക് അധ്യാപിക |
| | ● ചിത്ര വായന | ജൂൺ - ഫെബ്രുവരി | അറബിക് അധ്യാപിക |
| | ● വീടുവായന | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | ● വായന മത്സരങ്ങൾ | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | ● വാക്യങ്ങൾ ഉറപ്പിക്കൽ | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | ● ലൈബ്രറി വായന | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | ● വ്യാകരണങ്ങൾ | ജൂൺ - | അറബിക് |

| | | | |
|---|---|---|---|
| | | മാർച്ച് | അധ്യാപിക |
| | • മാഗസിൻ വായന | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| ആത്മവിശ്വാസത്തോട് കൂടി അറബി ഭാഷ സംസാരിക്കുവാനുള്ള ശേഷി വർദ്ധിപ്പിക്കുക | • ഈ - ടെക്സ്റ്റ് ഉപയോഗിച്ച് അതിനുള്ള സംഭാഷണം | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | • ലാംഗ്വേജ് ഗെയിംസ് | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | • ക്ലാസ് സംഭാഷണം | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | • കാർട്ടൂൺ പ്രദർശനം | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | • പദസമ്പത്ത് വർദ്ധിപ്പിക്കൽ | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | • റോൾപ്ലേ | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| അറബി ഭാഷ അതിന്റെ പരിപോഷണം | • അക്ഷരങ്ങൾ ഉറപ്പിക്കൽ | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | • പദങ്ങൾ ഉറപ്പിക്കൽ | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | • ചിഹ്നങ്ങൾ ഉറപ്പിക്കൽ | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | • കൂട്ടിയെഴുത്ത് | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | • അക്ഷരക്കാർഡ് നിർമ്മാണം | ജൂൺ - മാർച്ച് | അറബിക് അധ്യാപിക |
| | • കൈയെഴുത്ത് മാസിക | ഡിസംബർ | അറബിക് അധ്യാപിക |
| | • ചാർട്ടെഴുത്ത് | ഒക്ടോബർ | അറബിക് അധ്യാപിക |
| | • ചുമർപത്രിക | ഒക്ടോബർ | അറബിക് അധ്യാപിക |

| | | | |
|---|---|---|---|
| **മേഖല - യു പി - ഹിന്ദി** | | | |
| **ലക്ഷ്യം** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| അഞ്ചു മുതൽ ഏഴ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്ഷരങ്ങൾ,പദങ്ങൾ, ആശയങ്ങൾ ഉറപ്പിക്കൽ | ● അക്ഷരം എഴുത്ത്<br>● ചിഹ്നം ഉറപ്പിക്കൽ<br>● അക്ഷര കാർഡ്<br>● വാക്കുകൾ എഴുതിയ കാർഡ്<br>● അക്ഷരമാല പ്രദർശനം<br>● വാക്കുകളുടെ നിർമാണം<br>● വാക്യങ്ങളുടെ നിർമ്മാണം<br>● ചിത്രം നിറം നൽകൽ (പിന്നോക്കം ഭിന്നശേഷി) | ജൂൺ - ആഗസ്ത് | ഹിന്ദി അധ്യാപിക |

| | | | |
|---|---|---|---|
| ഹിന്ദി വായന - തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം | • നിരന്തരം ഹിന്ദി പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും (വായന കാർഡ്, മറ്റുചിത്ര കഥകൾ)<br>• ഹിന്ദി ക്ലബ് പ്രവർത്തനം<br>• വായന മത്സരം | ജൂൺ - ആഗസ്ത് | ഹിന്ദി അധ്യാപിക |
| ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക | • ( സുരലി ഹിന്ദി പ്രവർത്തനം) ഭാഷാ കളികളിലൂടെ ഹിന്ദി പഠനത്തിലേക്ക് കുട്ടികളെ ആകർഷിക്കുന്നു. | സെപ്റ്റംബർ - ഒക്ടോബർ | ഹിന്ദി അധ്യാപിക |
| ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗത്മക) രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | • ദിനാചരണങ്ങൾ<br>• അധിക വായന സാമഗ്രികൾ<br>• ചിത്രം - കഥ എഴുതൽ<br>• ചിത്രം - കഥ പറയൽ<br>• ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | നവംബർ - ഫെബ്രുവരി | ഹിന്ദി അധ്യാപിക |

**മേഖല - യു പി - സംസ്കൃതം**

| **ലക്ഷ്യം** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| സംസ്കൃതം എഴുതാനും വായിക്കാനും സംസാരിക്കാനുള്ള കഴിവ് നേടൽ. | • പഠന വിടവ് കണ്ടെത്തൽ<br>• മുന്നറിയിപ്പ് പരിശോധിക്കൽ<br>• അക്ഷരം, പദം, വാക്യങ്ങൾ ഉണ്ടാക്കൽ<br>• അക്ഷരങ്ങളിലൂടെ പദ നിർമ്മാണം<br>• പദങ്ങളിലൂടെ വാക്യനിർമ്മാണം | രണ്ടുമാസം | സംസ്കൃത അദ്ധ്യാപകൻ, രക്ഷിതാക്കൾ |
| കരിക്കുലം ലക്ഷ്യം വെക്കുന്ന പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ. | • പാഠപുസ്തകേതര സംസ്കൃത കഥകൾ<br>• സുഭാഷിതങ്ങൾ<br>• നവ സംസ്കൃതം മാധ്യമങ്ങൾ വഴി സംസ്കൃത വാർത്തകൾ, ലഘുചിത്രങ്ങൾ കാണൽ,<br>• പുസ്തകങ്ങളുടെ ശേഖരണം<br>• കാളിദാസൻ, മാഘൻ തുടങ്ങിയവരെ പരിചയപ്പെടൽ | നാലുമാസം | സംസ്കൃത അദ്ധ്യാപകൻ, രക്ഷിതാക്കൾ |

**മേഖല - യു പി - ഉർദു**

| **ലക്ഷ്യം** | **പഠനപ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| Urdu ഭാഷ കേട്ട് ആസ്വദിച്ചു വായിക്കാനും എഴുതാനും, സംസാരിക്കാനും ഉള്ള ശേഷി ഉണ്ടാക്കുക. | • ധാരാളം പദ സമ്പത് നൽകി അക്ഷരം തിരിച്ചറിയാനും ഉറപ്പിക്കാനും കുട്ടികളെ പ്രാപ്തരാക്കുക.. | 3 മാസം | രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| ക്ലാസ് തലത്തിൽ കുട്ടികൾ ആർജിക്കേണ്ട പഠന നേട്ടങ്ങൾ കൈവരിക്കാൻ അവരെ പ്രാപ്തരാകുക.. | ചെറിയ ചെറിയ ആശയങ്ങൾ, വാചകങ്ങൾ വിവിധ പ്രക്രിയകളിലൂടെ നൽകി ഭാഷ വ്യാപകമാക്കുക. | 7 മാസം | സമൂഹം |